കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡണൈസേഷൻ പ്രോഗ്രാം പ്രകാരമുള്ള ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

ആസ്തി വികസന ഫണ്ടിൽ നിന്ന് അനുവദിച്ച തുക

214 (3965) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ശിവപുരം ലക്ഷംവീട് മിനിസ്റ്റേഡിയത്തിന് എത്ര തുക അനുവദിക്കുകയുണ്ടായി ;

(ബി) ചിറ്റാരിപ്പറമ്പ് സർക്കാർ ഹയർസെക്കണ്ടറി സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് ആസ്തി വികസന ഫണ്ടിൽ നിന്നും എത്ര തുക അനുവദിക്കുകയുണ്ടായി ;

(സി) പ്രസ്തുത രണ്ട് പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് സർക്കാരിന് സമർപ്പിക്കുകയുണ്ടായോ; ഏത് ഫയൽ നമ്പർ പ്രകാരം എന്നാണ് ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) മട്ടന്നൂർ നിയോജക മണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള ശിവപുരം ലക്ഷംവീട് മിനി സ്റ്റേഡിയത്തിന്റേയും ചിറ്റാരിപ്പറമ്പ് സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണത്തിന്റേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിട്ടില്ല.

ഊട്ടറ പാലത്തിന്റെ അപകടാവസ്ഥ

215 (3966) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട്-പുതുനഗരം റോഡിലെ ഊട്ടറ പാലത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പാലത്തിന്റെ കാലപ്പഴക്കം, അപകടാവസ്ഥ എന്നിവ സംബന്ധിച്ച് എന്തെല്ലാം പഠനങ്ങളാണ് നടത്തിയിട്ടുള്ളത് ; വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഊട്ടറ പാലം പൊളിച്ചു പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) ഊട്ടറ പാലത്തിന്റെ പുനർ നിർമ്മാണ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഊട്ടറ പാലം ഏകദേശം 70 വർഷത്തോളം പഴക്കമുള്ളതാകുന്നു. ഇതിന്റെ കാലപ്പഴക്കം, അപകടാവസ്ഥ എന്നിവ സംബന്ധിച്ച പഠനമൊന്നും ഇതുവരെ നടത്തിയിട്ടില്ല.

(സി & ഡി) പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിവരുന്നു. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

തലശ്ശേരി മാഹി ബൈപ്പാസ് നിർമ്മാണം

216 (3967) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഈ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) തലശ്ശേരി - മാഹി ബൈപ്പാസിന്റെ നീളം 18 കി.മീ. ആണ്. ഇതിൽ സ്ഥലം ഏറ്റെടുത്ത 12 കി.മീ. 2 വരിപ്പാതയായി കേരള സർക്കാരിന്റെ സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അനുമതി തേടിയിരുന്നു. എന്നാൽ കേന്ദ്ര സർക്കാർ ഇതിനു അനുമതി നിഷേധിക്കുകയുണ്ടായി. ഈ പദ്ധതിയെ കേന്ദ്ര ഗവൺമെന്റിന്റെ എൻ.എച്ച്.(ഒ) പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നാലുവരിപാതയായി ഇ.പി.സി. രീതിയിൽ ടോളോടുകൂടി നടപ്പാക്കുന്നതിനായി ഡി.പി.ആർ. സമർപ്പിക്കുവാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്. ഡി.പി.ആർ. തയ്യാറാക്കി വരികയാണ്. ഈ പദ്ധതിയ്ക്കായി 220 കോടി രൂപ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആറിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുവാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly